ദിശ

THE COMPLETE SUPPORTIVE MEASURES FOR THE FIRST BELL CLASSES

TIRUR EDUCATIONAL DISTRICT

10

| വർക്ക്ഷീറ്റ് 7 | സാമൂഹ്യശാസ്ത്രം | 22–09–20221 |
|---|---|---|

അധ്യായം 04



# ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും

**1.** ബ്രിട്ടീഷ് ഭരണത്തിന്റെ കീഴിലുണ്ടായിരുന്ന വിവിധ പ്രദേശങ്ങളിൽ വ്യത്യസ്ത ഭൂനികുതി സമ്പ്രദായങ്ങളാണ് നിലനിന്നിരുന്നത്. ഇതുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കുക.

| ഭൂനികുതി വ്യവസ്ഥ | പ്രദേശങ്ങൾ |
|---|---|
| A | ബംഗാൾ, ബിഹാർ, ഒറീസ പ്രദേശങ്ങൾ. |
| B | ദക്ഷിണേന്ത്യൻ പ്രദേശങ്ങൾ |
| മഹൽവാരി വ്യവസ്ഥ | C |

**2.** ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയ വിവിധതരം ഭൂനികുതി സമ്പ്രദായങ്ങളുടെ സവിശേഷതകൾ താരതമ്യം ചെയ്യുക.

| ശാശ്വത ഭൂനികുതി വ്യവസ്ഥ | റയട്ട് വാരി വ്യവസ്ഥ | മഹൽവാരി വ്യവസ്ഥ |
|---|---|---|
| | | |

**3.** ബ്രിട്ടീഷ് നികുതി നയങ്ങൾ എങ്ങനെയാണ് കർഷകരെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിലേക്ക് തള്ളിവിട്ടത് ? വിശദമാക്കുക




**4.**കൃഷിയുടെ വാണിജ്യവൽക്കരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

**5.** ബ്രിട്ടീഷുകാരുടെ കാലത്ത് ഇന്ത്യയിൽ വിവിധതരം വിളകൾ വ്യാപകമായി കൃഷിചെയ്തിരുന്നു. തന്നിരിക്കുന്ന ഭൂപടത്തിൽ നിന്നും ഈ വിളകൾ ഏതെല്ലാം സംസ്ഥാനങ്ങളിലായിരുന്നു  കൃഷി ചെയ്തിരുന്നത് എന്ന് കണ്ടെത്തി പട്ടികപ്പെടുത്തുക.

| വിളകൾ | പ്രദേശങ്ങൾ |
|---|---|
| നീലം | ബംഗാൾ, ബിഹാർ |
| | |
| | |
| | |
| | |
| | |




**6.** മലബാർ കലാപത്തിന്റെ കാരണങ്ങൾ വിശദമാക്കുക

**7.** മലബാർ കലാപം അടിച്ചമർത്താൻ വേണ്ടി ബ്രിട്ടീഷുകാർ രൂപീകരിച്ച പ്രത്യേക വിഭാഗം പോലീസ് സേനയുടെ പേരെന്ത് ?

**8.**സന്താൾ കലാപത്തെക്കുറിച്ച് കുറിപ്പ് എഴുതുക

**9.** കുറിച്യ കലാപത്തിന് കാരണങ്ങളിലൊന്നാണ് ചുവടെ തന്നിരിക്കുന്നത്? മറ്റ കാരണങ്ങൾ കൂടി കണ്ടെത്തി പട്ടികപ്പെടുത്തുക

- ബ്രിട്ടീഷുകാർ അമിതമായി നികുതി ചുമത്തിയിരുന്നത്
-
-

**10.** ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ നടന്ന ഗോത്ര കലാപങ്ങളെ ഉൾപ്പെടുത്തി പദചക്രം പൂർത്തിയാക്കുക.

ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ നടന്ന ഗോത്ര കലാപങ്ങൾ

- കുറിച്യകലാപം
- പഹാരിയർ
-
-
-
-

**11.** ഉചിതമായവ ചേർത്തെഴുതുക

| A | B |
|---|---|
| മലബാർ കലാപങ്ങളെക്കുറിച്ച് പഠിക്കാൻ ബ്രിട്ടീഷുകാർ നിയമിച്ച കമ്മീഷൻ ഏത്? | സിദ്ദു, കാൻഹ |
| കുറിച്യ ലഹളയ്ക്ക് നേതൃത്വം നൽകിയത് ആര്? | വില്യം ലോഗൻ |
| സന്താൾ കലാപത്തിന് നേതൃത്വം നൽകിയത് ആരെല്ലാം? | രാമൻ നമ്പി |

**12.** .ഇന്ത്യൻ തുണിവ്യവസായത്തിന്റെ തകർച്ചയുടെ കാരണങ്ങൾ കണ്ടെത്തി ഡയഗ്രം പൂർത്തിയാക്കുക.

ഇന്ത്യൻ തുണിവ്യവസായത്തിന്റെ തകർച്ചയുടെ കാരണങ്ങൾ

- യന്ത്രനിർമ്മിത തുണിത്തരങ്ങളുടെ ഇന്ത്യയിലേക്കുള്ള ഇറക്കുമതി.
-
-
-
-
-





13. ഗ്രാമങ്ങളിലെ കരകൗശല വ്യവസായങ്ങളുടെ തകർച്ചയുടെ കാരണങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| ഗ്രാമീണ വ്യവസായങ്ങൾ | തകർച്ചയുടെ കാരണം |
|---|---|
| മൺപാത്ര നിർമ്മാണം | |
| തുകൽ പണി | |
| മരപ്പണി | |

14. ആധുനിക വ്യവസായങ്ങൾ ആരംഭിച്ചതോടുകൂടി തൊഴിലാളികൾ നേരിട്ട പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമായിരുന്നു?

- മണിക്കൂറുകളോളം നീണ്ട നിൽക്കുന്ന ജോലി
-
-

15. 1857-ലെ കലാപം ആരംഭിച്ച സ്ഥലം ഏത്?

16. 1857 ലെ കലാപത്തിന്റെ കാരണങ്ങൾ താഴെ കൊടുത്തിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ വിപുലീകരിക്കുക.

- ശിപായി മാരുടെ ദുരിതങ്ങൾ
- കർഷകരുടെ ദുരിതങ്ങൾ
- രാജാക്കന്മാരുടെ പ്രശ്നങ്ങൾ
- കരകൗശല തൊഴിലാളികളുടെ ദാരിദ്ര്യം

17. 1857 ലെവിപ്ലവത്തിലേക്ക് നയിച്ച പെട്ടെന്നുണ്ടായ കാരണമെന്ത്?

**18.** 1857 ലെ വിപ്ലവത്തിന്റെ പ്രധാന കേന്ദ്രങ്ങളും അവിടെ നേതൃത്വം നൽകിയ നേതാക്കളേയും കണ്ടെത്തി പട്ടിക പൂർത്തിയാക്കുക

ബഹദൂർഷാ രണ്ടാമൻ　　റാണി ലക്ഷ്മി ഭായ്　　ബീഗം ഹസ്രത്ത് മഹൽ
നാനാസാഹിബ്　　താന്തിയാ തോപ്പി　　മൗലാനാ അഹമ്മദുള്ള

| വിപ്ലവ കേന്ദ്രങ്ങൾ | നേതാക്കന്മാർ |
|---|---|
| ഡൽഹി | |
| ഝാൻസി | |
| ലക്നൗ | |
| കാൺപൂർ | |
| ഫൈസാബാദ് | |

**19.** ദേശീയത എന്നാൽ എന്ത്?

**21.** ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണത്തെ കുറിച്ച് കുറിപ്പെഴുതുക

**22.** ശരിയായ ഉത്തരം എഴുതുക

| | | |
|---|---|---|
| a | ചോർച്ച സിദ്ധാന്തം ആവിഷ്കരിച്ചത് ആര്? | |
| b | ദാദാഭായ് നവറോജിയുടെ പ്രശസ്തമായ ഗ്രന്ഥം ഏത്? | |
| c | "സ്വാതന്ത്ര്യം എൻറെ ജന്മാവകാശമാണ് ഞാനത് നേടുക തന്നെ ചെയ്യും" ഈ പ്രസ്താവന നടത്തിയത് ആര്? | |
| d | ബംഗാൾ വിഭജനം നടന്ന വർഷം ഏത്? | |




23. ?ഇന്ത്യൻ സമ്പത്ത് ഏതെല്ലാം രീതിയിലാണ് ബ്രിട്ടനിലേക്ക് ഒഴുകിയിരുന്നത് ? പട്ടികപ്പെടുത്തുക.

- 
- 
- 

24.സ്വദേശി പ്രസ്ഥാനത്തെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

25. ലാൽ, ബാൽ, പാൽ എന്നറിയപ്പെട്ടിരുന്ന നേതാക്കൾ ആണ് ചിത്രത്തിൽ. ഇവർ ആരെല്ലാം?

| | | |
|---|---|---|
|  |  |  |

| ക്ലാസ്സ് കാണാൻ താഴെയുള്ള ലിങ്കിൽ ക്ലിക്ക് ചെയ്യുക | | | |
|---|---|---|---|
| class31 | class32 | class33 | class34 |